# 15 -ാം കേരള നിയമസഭ

# 2 -ാം സമ്മേളനം

2021 ജൂലൈ 27, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി**

## കാർഷിക ഉൽപ്പന്നങ്ങളുടെ വില സ്ഥിരത

*91 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരഞ്ഞെടുത്ത കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഉത്സവകാലങ്ങളിൽ പച്ചക്കറികൾ സംഭരിക്കുന്നതിനുമായി വിപണി ഇടപെടൽ നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇത്തരം പ്രവർത്തനങ്ങൾക്ക് സംഭരണ ശാലകളുടെ കുറവ് ഒരു കാരണമായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## വിദൂര വിദ്യാഭ്യാസ പദ്ധതി

*92 **ശ്രീ. യു.എ.ലത്തീഫ്**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ . മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ നാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി. യുടെ അംഗീകാരം ലഭിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വിദൂര വിദ്യാഭ്യാസ പദ്ധതി തടസ്സപ്പെടാതിരിക്കാൻ സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിൽ നിലവിലുണ്ടായിരുന്ന വിദൂര വിദ്യാഭ്യാസം തുടരുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

**<u>സാമൂഹ്യ സുരക്ഷ മിഷൻ മുഖേനയുള്ള ചികിത്സ സഹായ പദ്ധതി</u>**

*93 **ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ മിഷൻ മുഖേന രോഗികൾക്ക് ചികിത്സ ധനസഹായം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതി പ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ ധനസഹായം നൽകുവാൻ സ്വീകരിക്കുന്ന മുൻഗണന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

**<u>നെൽവയൽ സംരക്ഷണം</u>**

*94 **ശ്രീമതി യു പ്രതിഭ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ; കോൾനിലങ്ങളിൽ ഉൾപ്പെടെ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കാൻ ആവശ്യമായ സഹായം നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) നെൽവയൽ സംരക്ഷണത്തിന് കർഷകർക്ക് റോയൽറ്റി നൽകുന്ന പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ടോ;

(സി) മൂവായിരം ഹെക്ടറിൽ അധികം വരുന്ന പൊന്നാനി കോൾപാടങ്ങൾ സംരക്ഷിക്കുന്നതിന് ഭാരതപ്പുഴയും ബിയ്യം കായലുമായി ബന്ധിപ്പിക്കുന്ന തോടുകൾ ആഴം കൂട്ടി നീരൊഴുക്ക് വർദ്ധിപ്പിക്കണമെന്നും താല്ക്കാലിക ബണ്ടിനു പകരം സ്ഥിരം ബണ്ട് നിർമ്മിക്കണമെന്നുമുള്ള ആവശ്യം പരിഗണിക്കുമോ?

**<u>പാലുല്പാദനത്തിൽ സ്വയം പര്യാപ്തത</u>**

*95 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എ. രാജ**
**ശ്രീമതി ദെലീമ**

**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്;

(ബി) പാലുല്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനടുത്തെത്തുകയും മലബാർ മിൽമ യൂണിയനിൽ ഉല്പാദനം വില്പനയെ അധികരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വഴി ഉല്പന്ന വൈവിധ്യവത്ക്കരണത്തിന് പദ്ധതിയുണ്ടോ;

(സി) ക്ഷീര സഹകരണ മേഖലയിലെ അധിക പാൽ സംഭരണം കണക്കിലെടുത്ത് സംസ്ഥാനത്ത് പാൽപ്പൊടി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

## <u>വിള ഇൻഷ്വറൻസ് പദ്ധതി</u>

*96 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലെ കർഷകരുടെ പങ്കാളിത്തം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നഷ്ടപരിഹാര തുക അപര്യാപ്തമായതിനാൽ കൂടുതൽ കർഷകർ വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാകുവാൻ വിമുഖത കാണിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രളയം മൂലം കാർഷിക വിളകൾക്കുണ്ടായ കനത്ത നാശനഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ വിളകളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കൂടുതൽ വിളകളെ ഉൾപ്പെടുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും വിള ഇൻഷ്വറൻസ് പദ്ധതി ആകർഷകമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കർഷക താല്പര്യം സംരക്ഷിക്കാൻ നടപടി</u>

*97 **ശ്രീ എം വിൻസെൻറ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ പട്ടയ ഭൂമിയിൽ നിന്നും ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ അനുമതി ആവശ്യപ്പെട്ട് കൃഷി വകുപ്പിന് ഏതെങ്കിലും കർഷക സംഘടനയോ കർഷകരോ നിവേദനം നൽകിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതുസംബന്ധിച്ച് 2020 ഒക്ടോബർ 24-ന് റവന്യൂ വകുപ്പ് ഉത്തരവ് പുറത്തിറക്കുന്നതിനു

മുൻപ് കൃഷി വകുപ്പുമായി റവന്യൂ വകുപ്പ് ആശയവിനിമയം നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം മരം മുറിച്ച ഭൂമിയുടെ ഉടമസ്ഥരായ കർഷകർക്കെതിരെ കേസ് എടുക്കാൻ വനം വകുപ്പ് നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള കർഷകരുടെ താല്പര്യം സംരക്ഷിക്കാൻ കൃഷി വകുപ്പ് എന്തൊക്കെ ഇടപെടലാണ് നടത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

## കായിക രംഗത്തെ അടിസ്ഥാന സൗകര്യവികസനം

*98 **ഡോ.കെ.ടി.ജലീൽ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) കായിക രംഗത്തേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനു വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ;

(സി) പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്പോർട്സ് കേരള ലിമിറ്റഡിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## റബ്ബർ ആവർത്തന കൃഷിക്ക് സബ്സിഡി

*99 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ആവർത്തന കൃഷിക്ക് റബ്ബർ ബോർഡ് നൽകി വന്നിരുന്ന സബ്സിഡി കേന്ദ്ര സർക്കാർ നിർത്തലാക്കിയിരിക്കുന്ന സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കുന്നതിന് സബ്സിഡി നൽകാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) റബ്ബറിനെ കാർഷിക വിളയായി പരിഗണിച്ച് താങ്ങുവില നിശ്ചയിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നൽകി വരുന്ന താങ്ങുവില ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന്

വ്യക്തമാക്കുമോ?

## **കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കൽ**

*100 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊവിഡ് ആഘാതം ഏല്പിക്കും മുമ്പ് കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റ് വരുമാനത്തിൽ നിന്ന് ദൈനംദിന പ്രവർത്തന ചെലവ് കണ്ടെത്താൻ കഴിഞ്ഞിരുന്നോ;

(ബി) പ്രവർത്തന ചെലവെങ്കിലും കണ്ടെത്താൻ കഴിയുംവിധം കെ.എസ്.ആർ.ടി.സി. പുന:സംഘടിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പരസ്യത്തെ ആശ്രയിക്കുന്നതുൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) വാഹന വിനിയോഗ നിരക്കും പ്രതിവാഹന ജീവനക്കാരുടെ എണ്ണവും ഇന്ധനക്ഷമതയും ദേശീയ നിലവാരവുമായി താരതമ്യം ചെയ്യാവുന്ന നിലയിലേക്ക് വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ?

## **സർവ്വകലാശാലകളുടെ സാമ്പത്തിക ഭദ്രത**

*101 **ശ്രീ. റോജി എം. ജോൺ**
**ശ്രീ എം വിൻസെന്റ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ചുകൊണ്ട് 2021-ൽ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം പെൻഷൻ ബാധ്യത സർവ്വകലാശാലകളുടെ തനത് ഫണ്ടിൽ നിന്നും നിറവേറ്റണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത വ്യവസ്ഥ സർവ്വകലാശാലകളുടെ സാമ്പത്തിക ഭദ്രതയേയും അക്കാദമിക പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക ചെലവഴിക്കുന്നതിനേയും ദോഷകരമായി ബാധിക്കുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സർവ്വകലാശാലകളുടെ അക്കാദമിക നിലവാരവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിനായി പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## **ഉന്നത വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാനസൗകര്യ വികസനം**

*102 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ. എം.വിജിൻ**

**ശ്രീ എം എസ് അരുൺ കുമാർ**

**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും സർക്കാർ കോളേജുകളുടെയും അടിസ്ഥാനസൗകര്യം നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർവ്വകലാശാല, കോളേജ് തലങ്ങളിൽ ഓൺലൈൻ പഠന സംവിധാനം ഒരുക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ദേശീയ-അന്തർദ്ദേശീയ ജേർണലുകൾ ഉൾപ്പെടെ ലഭ്യമാകുന്ന തരത്തിൽ ഡിജിറ്റൽ ലൈബ്രറി സംവിധാനം സർവ്വകലാശാലകളിലും കോളേജുകളിലും ഏർപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം പരിഗണിച്ച് ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## മലയാളം ലെക്സിക്കൻ മേധാവി നിയമനം

*103 **ഡോ. മാത്യൂ കുഴൽനാടൻ**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. പി. ടി. തോമസ്**

**ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല ഓർഡിനൻസിന് വിരുദ്ധമായി മലയാളം ലെക്സിക്കൻ മേധാവിയായി സംസ്കൃതാദ്ധ്യാപികയെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലയാളം ലെക്സിക്കൻ മേധാവിക്കായി യൂണിവേഴ്സിറ്റി നോട്ടിഫിക്കേഷൻ ഇറക്കിയപ്പോൾ അതിൽ മലയാളത്തിൽ പ്രാവീണ്യമുള്ളവർ വേണമെന്ന നിബന്ധനയ്ക്കൊപ്പം മലയാളത്തിലോ സംസ്കൃതത്തിലോ എന്ന് ചേർത്തത് കേരള സർവ്വകലാശാല ഓർഡിനൻസിന്റെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർവ്വകലാശാല ഓർഡിനൻസിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ മാറ്റം വരുത്തുവാൻ വൈസ് ചാൻസലർക്കോ രജിസ്ട്രാർക്കോ അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) 2021 ജനുവരി 28-ന് പുറപ്പെടുവിച്ച പ്രസ്തുത നിയമന വിജ്ഞാപനം പത്രങ്ങളിലോ യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റുകളിലോ പ്രസിദ്ധീകരിച്ചിരുന്നോ; വിശദാംശങ്ങൾ നൽകാമോ?

## കായിക മേഖലയുടെ വികസനം

*104 **ശ്രീമതി ദെലീമ**

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**

**ശ്രീ. എം.വിജിൻ**

**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായികമേഖലയെ ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കായികമേഖലയുടെ വികസനത്തിന്റെ പ്രാരംഭ പ്രവർത്തനമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആരംഭിച്ച സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏറ്റെടുത്ത എല്ലാ സ്റ്റേഡിയങ്ങളുടെയും അനുബന്ധ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## കാലിത്തീറ്റ ഉത്പാദനം

*105 **ശ്രീ എം നൗഷാദ്**
**ഡോ.കെ.ടി.ജലീൽ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന ഭക്ഷ്യ സുരക്ഷിതത്വ പ്രോജക്ടിന്റെ ഭാഗമായി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സമീകൃത കാലിത്തീറ്റയുടെയും ഉപോൽപ്പന്നങ്ങളുടെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ഏതെല്ലാം സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അസംസ്കൃത പദാർത്ഥങ്ങളുടെ വിലവർദ്ധനവിലും കേരള ഫീഡ്സ് ഉത്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കാതെ വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടോ;

(സി) കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ക്ഷീരവികസന മേഖലയിലേയ്ക്ക് ധാരാളം പേർ കടന്നുവരുന്നതിനാൽ കാലിത്തീറ്റയുടെ ഉത്പാദനം വർദ്ധിപ്പിക്കേണ്ടതാണെന്ന വിലയിരുത്തൽ സർക്കാരിനുണ്ടോ;

(ഡി) പുതുതായി കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

## മൃഗസംരക്ഷണത്തിനായി ടെലിമെഡിസിൻ സംവിധാനം

*106 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുമൃഗങ്ങളിലെ രോഗബാധമൂലം കർഷകർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കന്നുകാലികളുടെ ആരോഗ്യപരിപാലനത്തിനായി ടെലി മെഡിസിൻ സംവിധാനം

പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ടെലി മെഡിസിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൃഗഡോക്ടർമാർക്കായി പരിശീലന പരിപാടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പൊതുജനാരോഗ്യ മേഖലയിൽ നടപ്പിലാക്കിവരുന്ന ഇ-സഞ്ജീവനി പദ്ധതിയുടെ മാതൃകയിൽ മൃഗസംരക്ഷണ മേഖലയിൽ ടെലി മെഡിസിൻ പദ്ധതി വ്യാപിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രചരണ, ബോധവൽക്കരണ പരിപാടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## ജന്തുജന്യ രോഗങ്ങൾ സൃഷ്ടിക്കുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ

*107 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ ഐ ബി സതീഷ്**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിനെ കോവിഡിന്റെ പ്രത്യേക സാഹചര്യത്തിനനുസൃതമായി സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജന്തുജന്യ രോഗങ്ങൾ സൃഷ്ടിക്കുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ഒരു വെറ്ററിനറി പബ്ലിക് ഹെൽത്ത് വിഭാഗം തുടങ്ങേണ്ടതിന്റെ അനിവാര്യത പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സാരാംശം വ്യക്തമാക്കുമോ;

(ഡി) മൃഗപരിപാലനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരെ ജന്തുജന്യരോഗം സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

## സംസ്ഥാനത്തെ റെയിൽവേ വികസനം

*108 **ശ്രീ ഒ . ആർ. കേളു**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ചർച്ച നടത്താമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചർച്ചയിൽ സംസ്ഥാനം ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന മുഖ്യ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനം പകുതി ചെലവ് വഹിക്കണമെന്ന് കേന്ദ്ര സർക്കാൻ നിർദ്ദേശിച്ചിട്ടുള്ള ശബരി റെയിൽപാത യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തു

നിന്നും ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) തലശ്ശേരി-മൈസൂർ പാതയ്ക്ക് വനഭൂമി ഒഴിവാക്കി പുതിയ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മലയാളം ലെക്സിക്കൻ മേധാവിയുടെ നിയമനം**

*109 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം ലെക്സിക്കൻ മേധാവിയായി സംസ്കൃതാദ്ധ്യാപികയെ നിയമിച്ചത് നിയമാനുസൃതമാണോ എന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ ;

(ബി) കേരള സർവ്വകലാശാല ഓർഡിനൻസ് ചട്ടങ്ങൾ പ്രകാരം ലെക്സിക്കൻ എഡിറ്ററുടെ യോഗ്യതകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) മലയാള ഭാഷയിൽ ഉന്നത പ്രാവീണ്യം, ഗവേഷണ ബിരുദം, യൂണിവേഴ്സിറ്റി കോളേജുകളിൽ പത്തു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ പതിനഞ്ച് വർഷം ലെക്സിക്കൻ വർക്കിൽ പരിചയം എന്നീ മാനദണ്ഡങ്ങൾ നിലവിലെ മലയാളം ലെക്സിക്കൻ മേധാവിക്ക് ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ കേരള സർവ്വകലാശാല ഓർഡിനൻസിന് വിരുദ്ധമായി നടത്തിയ ഈ നിയമനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

**കർഷകക്ഷേമ പദ്ധതികൾ**

*110 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികൂലമായ സാഹചര്യത്തിലും സംസ്ഥാനത്തെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അവർക്ക് സമൂഹത്തിൽ നന്നായി ജീവിക്കുന്നതിനും ഉതകുന്ന പദ്ധതികളിലൂടെ കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രകൃതി ദുരന്തങ്ങൾ മൂലം കർഷകർ പ്രതിസന്ധിയിലാകുന്ന അവസ്ഥയിൽ വിള ഇൻഷുറൻസ് പോലുള്ള പദ്ധതികളിലൂടെ കർഷകർക്ക് കൈത്താങ്ങായ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) തിരുവാതിര ഞാറ്റുവേല കാർഷിക സർവ്വകലാശാലക്കൊപ്പം എന്ന വിജ്ഞാന വ്യാപന പരിപാടിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

**കെ.എസ്.ആർ.ടി.സി.യുടെ ഇന്ധന ചെലവ്**

*111 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**

**ശ്രീ കെ ആൻസലൻ**
**ശ്രീ. എൻ.കെ. അക്ബർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സൃഷ്ടിച്ച ഗതാഗത സ്തംഭനാവസ്ഥ മൂലം കെ.എസ്.ആർ.ടി.സി.ക്കുണ്ടായ ആഘാതത്തിന്റെ വ്യാപ്തി വിലയിരുത്തിയിട്ടുണ്ടോ; ഇക്കാലയളവിൽ ജീവനക്കാർക്ക് ശമ്പളവും പെൻഷനും മുടങ്ങാതെ വിതരണം ചെയ്യുവാൻ സാധിച്ചിരുന്നോ;

(ബി) ദൈനംദിന പ്രവർത്തന ചെലവിലെ പ്രധാന ഇനങ്ങളിലൊന്നായ ഇന്ധന ചെലവ് ദിനംപ്രതി വർദ്ധിക്കുന്നതുകൊണ്ടുള്ള പ്രതിസന്ധി മറികടക്കുന്നതിന് എൽ.എൻ.ജി, സി.എൻ.ജി. എന്നിവയിലേക്കു മാറാൻ തീരുമാനമെടുത്തിട്ടുണ്ടോ; പരീക്ഷണാടിസ്ഥാനത്തിൽ ഇന്ധന മാറ്റം ആരംഭിച്ചിട്ടുണ്ടോ;

(സി) ഇന്ധനത്തിന്റെ ലഭ്യത ഉറപ്പാക്കാൻ ഏർപ്പെടുത്തിയിരുന്ന ക്രമീകരണം അറിയിക്കാമോ; ഇന്ധന മാറ്റം മൂലം ഓരോ കിലോമീറ്ററിനും ഇന്ധന ചെലവിൽ പ്രതീക്ഷിക്കുന്ന വ്യത്യാസം കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ശബരി റെയിൽപാത

*112 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപാതയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) റെയിൽപാത നിർമ്മാണത്തിന്റെ പകുതി ചെലവ് വഹിക്കാമെന്ന് സംസ്ഥാന സർക്കാർ ഉറപ്പുനൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഈ ആവശ്യത്തിനുള്ള തുക കിഫ്ബിയിൽ നിന്നും കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

## മൃഗസംരക്ഷണ മേഖലയിൽ വാക്സിൻ ഉത്പാദനം

*113 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പക്ഷിമൃഗാദികളുടെ ആരോഗ്യ പരിപാലനത്തിന് ആവശ്യമായ വാക്സിനുകൾ ക്ഷാമം കൂടാതെ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മൃഗസംരക്ഷണ മേഖലയിൽ ഫലപ്രദമായ വാക്സിനുകൾ ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് വാക്സിൻ ഉത്പാദന കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പക്ഷിമൃഗാദികളുടെ പേവിഷബാധ തടയുന്നതിനുള്ള വാക്സിൻ, ജന്തുജന്യരോഗങ്ങൾക്കുള്ള വാക്സിൻ എന്നിവയുടെ ഉത്പാദനത്തിനുള്ള നടപടി

പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻറ് വെറ്ററിനറി ബയോളജിക്കൽസ് കേന്ദ്രത്തിൽ ആരംഭിച്ച മനുഷ്യർക്കും ഉപയോഗിക്കാവുന്ന വാക്സിൻ നിർമ്മാണ പരിപാടിയുടെ പുരോഗതി വെളിപ്പെടുത്താമോ?

## കാർഷികോൽപ്പന്നങ്ങളുടെ സംഭരണം

*114 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. പി. ജെ. ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങൾക്ക് തറവില പ്രഖ്യാപിച്ചിട്ടും സംഭരിക്കാൻ ആളില്ലാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം കണ്ടെത്തുമോ; തറവില പ്രഖ്യാപനം വന്ന് പത്തു മാസമായ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) സർക്കാരിന്റെ പ്രഖ്യാപനത്തെ തുടർന്ന് ബാങ്കുകളിൽ നിന്നും വായ്പയെടുത്ത കർഷകർ ഇപ്പോൾ പ്രതിസന്ധിയിലായിരിക്കുന്ന ഗൗരവമായ പ്രശ്നത്തിൽ കൃഷിക്കാരെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഏതെല്ലാം ഇനം പച്ചക്കറികൾക്കാണ് സർക്കാർ തറവില പ്രഖ്യാപിച്ചത്; ആയത് പരിശോധിക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഡി) വിളയിറക്കിയ കർഷകർ വലിയ നഷ്ടത്തിൽ ഈ ലോക്ഡൗൺ കാലത്ത് ഉൽപ്പന്നങ്ങൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## സമഗ്ര പച്ചക്കറി വികസന പദ്ധതി

*115 **ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ;

(ബി) വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവർ വിലയിലെ അസ്ഥിരതയും അനിശ്ചിതാവസ്ഥയും നേരിടുന്നത് പരിഹരിക്കുന്നതിനു നടപ്പാക്കിയ കേരളം ഫാം ഫ്രഷ് പഴം പച്ചക്കറി പദ്ധതിയെകുറിച്ച് അറിയിക്കാമോ;

(സി) ഉല്പന്നങ്ങൾക്ക് അടിസ്ഥാന വില നിശ്ചയിക്കുന്നതിനും അവയുടെ സംഭരണത്തിനും

ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങൾ അറിയിക്കാമോ; കോവിഡ് സൃഷ്ടിച്ച അസാധാരണ സാഹചര്യം ഇതു അപ്രായോഗികമാക്കിയിരുന്നോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

**<u>ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി</u>**

*116 **ശ്രീ. എച്ച്. സലാം**
**ശ്രീ. റ്റി.പി .രാമകൃഷ്ണൻ**
**ശ്രീ വി ജോയി**
**ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) ഏജന്റുമാരെയും കൈക്കൂലിയും ഒഴിവാക്കാൻ സാധിക്കുന്ന സ്ഥിതി സംജാതമായിട്ടുണ്ടോ; പ്രസ്തുത ഓഫീസുകളുടെ ആധുനികീകരണത്തിനായി ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ;

(സി) പുതുതായി നടപ്പിൽ വരുത്തിയ ഫയൽ ക്യൂ മാനേജ്മെന്റ് സിസ്റ്റത്തിന്റെ മേന്മ എന്താണെന്ന് അറിയിക്കുമോ;

(ഡി) 2018-ൽ രൂപീകരിച്ച ആർ.ടി. ഓഫീസ്(എൻഫോഴ്സ്മെന്റ്)-ന്റെ പ്രവർത്തനങ്ങളെ കുറിച്ച് അറിയിക്കാമോ?

**<u>മൃഗശാല ജീവനക്കാരുടെ സുരക്ഷിതത്വം</u>**

*117 **ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ . എൻ . ഷംസുദീൻ**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ എൻ എ നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ അപകടകരമായ സാഹചര്യത്തിൽ ജോലി ചെയ്യേണ്ടിവരുന്ന ജീവനക്കാർക്ക് ആവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) തിരുവനന്തപുരം മൃഗശാലയിൽ രാജവെമ്പാലയുടെ കടിയേറ്റ് ജീവനക്കാരൻ മരിക്കാൻ ഇടയായ സംഭവത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത</u>**

*118 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ ഉൽപ്പന്നം ലഭ്യമാക്കുന്നതിനും ഏതൊക്കെ രീതിയിലാണ് പച്ചക്കറി ഉല്പാദന വിതരണ മേഖലയിൽ സർക്കാർ ഇടപെടുന്നത്; വ്യക്തമാക്കാമോ;

(സി) നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില വർദ്ധിപ്പിക്കുന്നതിനും കൂടുതൽ വിളകൾക്ക് താങ്ങുവില ഏർപ്പെടുത്തുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പച്ചക്കറികൾക്ക് താങ്ങുവില ഏർപ്പെടുത്തുന്നതുമായി ബന്ധപെട്ട് കേന്ദ്രസഹായം ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഈ വർഷത്തെ ഓണവിപണിയിലേക്കുള്ള വിഷരഹിത പച്ചക്കറിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ?

## മോട്ടോർ തൊഴിലാളികൾക്ക് ഇളവ്

*119 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ കാലത്ത് വാഹനങ്ങൾ നിരത്തിലിറക്കാൻ കഴിയാത്തതു മൂലം സംസ്ഥാനത്തെ മോട്ടോർ തൊഴിലാളികൾ പ്രതിസന്ധിയിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വരുമാനം നിലച്ചിരിക്കുമ്പോഴും ഇൻഷുറൻസ്, ടാക്സ്, ലോൺ തിരിച്ചടവ് തുടങ്ങിയവയിൽ ഇളവ് ലഭിക്കാത്തതിനാൽ പ്രസ്തുത തൊഴിലാളികൾ കടുത്ത സാമ്പത്തിക ബാധ്യതയിൽപ്പെട്ടിരിക്കുകയാണെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) ലോക്ക്ഡൗൺ മൂലം വരുമാനം നിലച്ച പ്രസ്തുത തൊഴിലാളികൾക്ക് ഇൻഷുറൻസ്, ടാക്സ് തുടങ്ങിയവയിൽ ഇളവും പ്രതിസന്ധി പരിഹരിക്കുന്നതിന് ധനസഹായ പാക്കേജും പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല

*120 **ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല നിയമത്തിൽ മറ്റ് സർവ്വകലാശാലകൾ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ പഠന കോഴ്സുകൾ നടത്തുന്നത് തടയുന്നതിന്

വ്യവസ്ഥയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല നടത്തുന്ന കോഴ്സുകൾക്ക് യു.ജി.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി. അംഗീകാരം ലഭിക്കാൻ കാലതാമസം നേരിടുകയും മറ്റ് സർവ്വകലാശാലകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുവാൻ അനുമതി നിഷേധിക്കുകയും ചെയ്യുതിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതര സർവ്വകലാശാലകൾ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നത് വിലക്കുന്ന വ്യവസ്ഥ വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് ഒഴിവാക്കി നിയമഭേദഗതി കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,

എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി,

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].